# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -2991 13.07.2015 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## ബോംബ് സ്ഫോടന കേസ്സുകൾ

| ചോദ്യം<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ | മറുപടി<br>ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ബോംബ് സ്ഫോടനത്തിൽ ആളുകൾ മരണപ്പെട്ടത് സംബന്ധിച്ച് ഇപ്പോഴും അന്വേഷണത്തിലിരിക്കുന്ന കേസ്സുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് ബോംബ് സ്ഫോടനത്തിൽ ആളുകൾ മരണപ്പെട്ടത് സംബന്ധിച്ച് രണ്ടു കേസുകൾ ഇപ്പോഴും അന്വേഷണത്തിലിരിക്കുന്നുണ്ട്. അവ (1) നരിക്കാട്ടേരി ബോംബ് സ്ഫോടന കേസ് ഇപ്പോൾ അന്വേഷിക്കുന്നത് CBCID HHW-III കോഴിക്കോട് ആണ്.( 48 CR/HHWIII/KKD/2011). (2) കൊളവല്ലൂർ പി.എസ്.ക്രൈം 489/15 ആയി രജിസ്റ്റർ ചെയ്തിട്ടുള്ള ബോംബ് സ്ഫോടന കേസ്. |
| (ബി) നാദാപുരത്തെ നരിക്കാട്ടേരിയിൽ ഉണ്ടായ ബോംബ് സ്ഫോടനത്തിൽ എത്ര ആളുകൾ മരണപ്പെട്ടിട്ടുണ്ടായിരുന്നു; ഇത് സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഏത് രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടവരായിരുന്നു ബോംബ് നിർമ്മാണത്തിനിടയിൽ മരണപ്പെട്ടവർ; സംഭവം നടന്നത് ഏതു തീയതിയിലായിരുന്നു; | (ബി) നരിക്കാട്ടേരിയിൽ ഉണ്ടായ ബോംബ് സ്ഫോടനത്തിൽ 5 ആളുകളാണ് മരണപ്പെട്ടത്. CBCID HHW III കോഴിക്കോട് ആണ് ഈ കേസ് അന്വേഷിക്കുന്നത്( 48 CR/HHW III/KKD/2011). ഇത് സംബന്ധിച്ച അന്വേഷണം ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്. 26-02-2011 തീയതിയിൽ നടന്ന ഈ സംഭവത്തിൽ ഐ.യു.എം.എൽ പാർട്ടിയുമായി ബന്ധപ്പെട്ടവരാണ് മരണപ്പെട്ടിട്ടുള്ളത്. |
| (സി) നരിക്കാട്ടേരിയിൽ നിർമ്മിക്കപ്പെട്ട ബോംബ് ഏത് രാഷ്ട്രീയ വിരോധികൾക്ക് നേരെ ഉപയോഗിക്കാനായിരുന്നുവെന്ന് അന്വേഷണത്തിൽ തെളിയുകയുണ്ടായിട്ടുണ്ടോ; | (സി) ഇല്ല. ഏതു രാഷ്ട്രീയ വിരോധികൾക്ക് നേരേ ഉപയോഗിക്കാനായിരുന്ന ബോംബ് നിർമ്മിച്ചത് എന്നുള്ള വിവരം ഇതുവരെയുള്ള അന്വേഷണത്തിൽ വെളിപ്പെട്ടിട്ടില്ല. |
| (ഡി) കൊളവല്ലൂരിലെ ബോംബ് നിർമ്മാണം സംബന്ധിച്ച അന്വേഷണത്തിൽ തെളിയിക്കപ്പെട്ടത് എന്തായിരുന്നു; | (ഡി) 06-06-2015 തീയതി രാത്രി 12.30 മണിയോട്ടു കൂടി തൃപ്പങ്ങോട്ടൂർ അംശം ഈസ്റ്റ് ചെറ്റക്കണ്ടിയിലുള്ള വടക്കേക്കര |

| | |
|---|---|
| അന്വേഷണം പൂർത്തിയായത് എപ്പോഴായിരുന്നു; അന്വേഷണം പൂർത്തിയാക്കുന്നതിന് മുൻപായി എന്തെങ്കിലും അനുമാനത്തിലെത്തുകയുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം എന്തായിരുന്നു? | ചാത്തുക്കുട്ടി എന്നയാളുടെ പറമ്പിൽ വച്ച് മനുഷ്യ ജീവനും വസ്തു വകകൾക്കും നാശനഷ്ടം ഉണ്ടാക്കണമെന്ന ഉദ്ദേശ്യത്തോടെ സി.പി.എം. അനുഭാവികളായ പ്രതികൾ ബോംബ് നിർമ്മിക്കുന്നതിനിടെ സ്ഫോടനം നടന്നതിൽ രണ്ടു പേർ മരണപ്പെട്ടുകയും മറ്റു രണ്ടു പേർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുള്ളതുമാണ്. കൊളവല്ലൂർ പി.എസ് ക്രൈം. 489/15 ആയി രജിസ്റ്റർ ചെയ്തിട്ടുള്ള ഈ കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. |

സെക്ഷൻ ഓഫീസർ